
# e - leaves 2019



little KITEs

Kerala Infrastructure and Technology for Education

Presents




St.Sebastian our patron



St. Francis Assisi



St. Alphonsa



St. Clare

**MOTTO**

Love & Hardwork

**VALUES**

Say truth

Respect each other

Love nature

**MISSION**

It is our Duty to dedicate our self
in the selfless work and prayer



**The holy Father Francis**

cordially imparts the requests a postolic Blessing to

Sr.Saritha pulikkottil,f.c.c. (headmistress, h.s)

staff &students of

st.sebastian's school nellikkunnu

***"Send Your Wisdom From The Holy Heaven Down From The Glorious Throne"***
***(Wisdom 9:10)***

**e-Electronic empowerment**

**L - Loving**

**E - Enlightening**

**A - Ardent**

**V - Vigorous**

**E - Ethusiastic**

**S - Surviving**

# ആശംസ



Electronic & Information Technology മുഖമുദ്രയാ-
യിട്ടുള്ള ഈ സഹസ്രാബ്ദത്തിന്റെ ആരംഭഘട്ടത്തിൽ തന്നെ
കംമ്പ്യൂട്ടർ അധിഷ്ഠിത പഠനമാരംഭിച്ച St. Sebastian's
convent School 2018-19 അധ്യയന വർഷത്തിൽ Smart Class കളോടെ
Hi-Tech പദവിയിലേക്കുയർന്നിരിക്കുകയാണ്. Little kites unit-ന്റെ
സജീവ പ്രവർത്തന ഫലമായി 'e-leaves 2019' എന്ന പേരിൽ ഒരു 'e' മാഗ-
സിൻ പ്രസിദ്ധികരിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. പാഠ്യവിഷ-
യങ്ങളോടൊപ്പം I.T രംഗത്തെ അതിനൂതന സംവിധാനങ്ങൾ ഉപയോ-
ഗപ്പെടുത്തി സർഗാത്മഗതയെ വളർത്തുന്നതിന് ഈ മാസിക നിങ്ങളെ
സഹായിക്കട്ടെ. വിവര സാങ്കേതിത വിദ്യ പുരോഗതി പ്രപിച്ചുകൊണ്ടി-
രുക്കുന്ന ഈ കാലഘട്ടത്തിൽ ഈ ഒരു സംരംഭം സാങ്കേതിക മേഘല-
കളിൽ കൂടുതൽ ഉയരങ്ങളിലേക്ക് കുതിക്കാൻ നിങ്ങൾക്ക് പ്രചോദനമാ-
കട്ടെ എന്ന് ആശംസിക്കുന്നു.

ഹെഡ്മിസ്ട്രസ്
സി.സരിത പുലിക്കോട്ടിൽ.

# ആശംസ

ലിറ്റിൽ കൈറ്റ്സ് എന്ന I.T കൂട്ടായ്മയുടെ ആദ്യ അംഗത്വം കൈകൊണ്ട് ഹൈടെക് പദ്ധതിയിലൂടെ വിവര വിനിമയ സാങ്കേതിക വിദ്യയിലെ സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ദ്യം ആർജ്ജിക്കുവാൻ ഇറങ്ങിതിരിച്ചിരിക്കുന്ന സാഹചര്യത്തിൽ  സാങ്കേതിക വിദ്യയുടെ മികവിൽ ഒരു e – മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ വളരെ അഭിമാനമുണ്ട്. അറിവിനോടൊപ്പം തങ്ങളിൽ ഒളിഞ്ഞിരിക്കുന്ന കലാസാഹിത്യാഭിരുചികൾ നേതൃത്വ പാടവം എന്നിവ വളർത്താനും ഇത് ഒരവസരമാണ്. നിങ്ങളുടെ കഴിവുകൾ പരസ്പരം പങ്കുവച്ച് ഒത്തൊരുമയോടെ നിങ്ങൾ പ്രസിദ്ധീകരിക്കുന്ന ഈ മാഗസിൻ നിങ്ങൾക്ക് പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു.

കൈറ്റ് മിസ്ട്രസ്സ്

**Sr. Jyothi**

# എഡിറ്റോറിയൽ

നെല്ലിമരങ്ങളുടെ നാട് എന്ന് വിശേഷിപ്പിക്കുന്ന നെല്ലിക്കുന്നിന്റെ ഗ്രാമഭംഗിയിലേക്ക് വിജ്ഞാന ദീപമായി പ്രശോഭിച്ചുകൊണ്ട് 1966 ൽ സെന്റ് സെബാസ്റ്റ്യൻ ഗേൾസ് ഹൈസ്കൂളിന് ആരംഭം കുറിച്ചു.നാളിന്നു വരെയും സാങ്കേതികതയുടെ ചുവട് പിടിച്ച് അഭിമാനപൂർവ്വം സുവർണ്ണ ജൂബിലി പിന്നിട്ട് ഹൈടെക് വിദ്യാലയമായി പരിലസിക്കുന്ന വേള-യിൽ ദൈവത്തിന് നന്ദി പറയുന്നു. അക്ഷരങ്ങളുടെയുംഅനുഭവങ്ങളുടെയും സർഗവേദി സാങ്കേതിക വിദ്യയിലൂടെ പുതിയ തലമുറയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യവുമായി e-leaves നിങ്ങളുടെ മുൻപിൽ ദളങ്ങൾ പൊഴിക്കുന്നു.പുതുതലമുറയുടെ സ്വപ്നങ്ങൾ ചിറകു വിടർത്തി ഭാവനകളെ ആശയങ്ങളാക്കി വർണ്ണം ചാർത്തിയ കവിതകൾ,കഥകൾ, പ്രചോദനാത്മകമായ ലേഖനങ്ങൾ,പ്രയോഗിക ചിന്തശകലങ്ങൾ ഈ ദളങ്ങളിലൂടെ തളിരിടുന്നു. പരാശ്രയബോധമകറ്റിമൾട്ടിമീഡിയുടെ സൂക്ഷമവും നൂതനവുമായ സാങ്കേതിക കൈവരുതിയിലാക്കികൊണ്ട് ഈ സ്കൂളിലെ 'കൈറ്റ്സ് 'രൂപഭാവം നൽകിയ e- മാഗസിൻ ആസ്വാദകരുടെ പ്രചോദന സ്പർശത്തിനായി സമർപ്പിക്കുന്നു.

എഡിറ്റർ

നൈസി ആൻറ്റണി

# Magazine committee

Krishnanjaly.T.S

Vinitta.C.V

Aneena Anto

Krishna.P.K

Sariga.N.S

Lakshmi.P.G

Milna Jose

Akshaya.M.R

Smruthi.S

Neha Joby

Archana Harikrishnan

Ashi Anto

Anagha Rajesh .C

Alna.N.A

# ഉ - ദളങ്ങൾ


ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട്

സേവസന്നദ്ധരായ ഗൈഡിങ് & ജൂനിയർ റെഡ്ക്രോസ്

എകോ മിയർ എകോ

സ്കൂൾ ആക്ടിവിറ്റീസ്

കാർട്ടൂൺ

കെമിസ്ട്രി ഇൻ ലൈഫ്

പഴഞ്ചൊല്ലുകൾ

ഊർജ്ജ സംരക്ഷണം

തിത്തകം താരോ

കാലയവനിക

മണ്ണിൻ സൗന്ദര്യം

ഒരു മഴകാലോർമ്മ

വക്ത്

പോളിഗൺസ് ഓഫ് ജിയോജിബ്രാ

നന്ദി

# OUR GUIDING STARS



# Little kites പദ്ധതി (റിപ്പോർട്ട്)

വിവര സാങ്കേതിക വിദ്യയുടെ മികവിൽ പൊതുവിദ്യാലയങ്ങൾ ഹൈടെക് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി, ലിറ്റിൽ കൈറ്റ്സ് പദ്ധതിക്ക് തുടക്കമിട്ട് 2017-18 അധ്യയന വർഷത്തിൽ തന്നെ സെന്റ് സെബാസ്റ്റ്യൻസ് കോൺവെന്റ് ഗേൾസ് സ്കൂൾ ഈ പദ്ധതിക്കായി തിരഞ്ഞെടുക്കപ്പെട്ടു.26 അംഗങ്ങളോടുകൂടി സജീവ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് ' e-leaves 2019' എന്ന പേരിൽ 'e- മാഗസിൻ പ്രസിദ്ധികരിക്കുന്നു. ഫോട്ടോഗ്രഫിയിലും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുടെ നിർമ്മിതിയിലും മികവുറ്റ പ്രകടനം കാഴ്ചവെയ്ക്കുന്ന ലിറ്റിൽ കൈറ്റ്സ് നാളെയുടെ വിദ്യാലയമികവിന്റെ വാക്താക്കളാണെന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. എല്ലാ ബുദ്ധനാഴ്ചകളിലും യൂണിറ്റ് തല ക്ലാസ്സുകൾ 2 കൈറ്റ് മിസ്ട്രസ്സുമാരുടെ നേതൃത്വത്തിൽ സജീവമായി നടന്നുവരുന്ന. ബഹു.ഹെഡ്മിസ്ട്രസ്സിന്റെയും കൈറ്റ് മാസ്റ്റർ ട്രെയിനർമാരുടേയും SITCയുടേയും സഹകരണത്തോടെ യൂണിറ്റ് തല ക്ലാസ്സുകളും, മറ്റു സാങ്കേതിക പ്രവർത്തനങ്ങളും ഫലപ്രദമായി ഇവിടെ സംഘടിപ്പിക്കുന്നു.



# Flying Kites





# സേവനസന്നദ്ധരായ ഗൈഡിങ് & ജൂനിയർ റെഡ്ക്രോസ്

“Be prepared “ എന്നമുദ്രാവാക്യവുമായി ഏതു പ്രതിസന്ധിയെയും തരണം ചെയ്യാൻ കഴിവുള്ള ഗൈഡുകളും ആരോഗ്യം,സേവനം,സൗഹൃദം എന്നീ ആശയങ്ങളിൽ അധിഷ്ഠിതമായി വർത്തിക്കുന്ന ജൂനിയർ റെഡ്ക്രോസ് അംഗങ്ങളും സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിന്റെ നെടുംതൂണുകളാണ്. ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ജൈവകൃഷി ചെയ്തും വിഷരഹിതഭക്ഷണത്തെക്കുറിച്ച് ബോധവത്കരണ ക്ലാസ്സുകൾ നടത്തിയും സ്കൂൾ പരിസരങ്ങൾ വൃത്തിയാക്കിയും പ്ലാസ്റ്റിക് നിർമ്മാർജ്ജനം ചെയ്തും അവർ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റിവരുന്നു.സേവനം ചെയ്യുന്നതിൽ വിമുഖത കാണിക്കുന്ന ഇന്നത്തെസമൂഹത്തിൽ സേവനതല്പരരായ യുവതലമുറയെ സൃഷ്ടിക്കാൻ ഇത്തരം സംഘടനാപ്രവർത്തനങ്ങൾ ഏറെ സഹായകമാണ്.

# School Guides



# Junior RedCross



# ECO MERE ECHO [poem]

THE EARTH IS WONDERFUL WITH
FULL OF LIVING AND NONLIVING CREATURES
THE UNIVERSE IS MORE AMAZING
WITH MANY GALARY
STARS MOON MOUNTAINS
RIVER OCEAN IT GOES ON
TREES FIOWER FRUITS.
ONCE AN ECOLOGIST SAID
HISVOICE WAS REFLECTED BY MOUNTAIN
YES MERE ECHO BUT NOBODY LISTENED
HIS FOLLOWERS CAME BY STANDING
NEAR THE STAGNANT WATER THE SIGHED
PROTECT RIVER PROTECT PRECIOUS WATER BODIES
THE SOUND STILL REFLECTED YES MERE ECHO
FURTHER CAME NEW ERA OF ECOLOGIST
THEY CRIED AGAINST POLLUTION
DIRTY WATER DIRTY SOIL
DIRTY AIR AND DIRTY EVERYTHING
JUST BECAUSE OF HUMAN GREED
YES ALL THE CREATURE EXCEPT HUMAN BEINGS
AREJUST FOLLOWING THE RULES OF NATURE THEY SAID
VOICE STILL GET REFLECTED
ECHO STILL HEARD WITH
AT LAST NATURE CRIED HERSELF IN THE FORM
OF STORM EARTHQUAKE AND TSUNAMI
STILL REMAIN ECHO
UNLESS WE RISE THIS ECHO WILL HACENT US
WHITE WE STRUGGLE TO BREATH POISNOUS GASES
SO DON'T EVER LEAVE.


SCHOOL ACTIVITIES




LET'S CHOOSE TO REUSE OR OUR KIDS WILL BE LEFT 'HOLDING THE BAG'!
ENVIRONMENTAL DISASTER
PLASTIC
D. SMITH '11


OLD STUDENTS GATHE

# Chemistry in life

*Medicines used in the areas of treatment, prevention disinfection etc contains chemicals.

*The medicine developed with the help of chemistry helps to ensure health.

*Treatment of diseases without proper diagnosis is dangerous.

*The pollution by plastic can be reduced by the technology of chemistry like recycle ,reduce and refuse.


Look I know
I said 'energy saving' but this
is ridiculous!
CARTOONSTOCK
.com
Search ID: mfln2847

# പഴഞ്ചൊല്ലുകൾ

* വിത്തൊളിപ്പിച്ചാൽ കുത്തുപാളയെടുക്കും
* അമരയും അപരാധവും കുറച്ചുമതി
* ഒക്കത്തു വിത്തുണ്ടെങ്കിൽ തക്കത്തു കൃഷി ചെയ്യാം
* നിലമറിഞ്ഞു വിത്തുവിതക്കണം
* വിത്താഴം ചെന്നാൻ അത്താഴം നിറയും
* അകലെ ഉഴുത് പകലെ പോകരുത്
* പറിച്ചു നട്ടാല്ലേ കരുത്ത് നേട്ടൂ
* കളപറിച്ചാൽ കളം നിറയും.
* മുളയിലറിയാം വിള
* കളപറിച്ചാൽ കളം നിറയും.
* നല്ല തെങ്ങിന് നാൽപതു മടല്

# ഊർജ്ജ സംരക്ഷണം [ലേഖനം]

ഉപയോഗ പ്രദമായ ഊർജ്ജത്തിന്റെ അളവ് മുഴുവൻ കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിന്റെ സംരക്ഷണം വളരെ പ്രധാന്യമർഹിക്കുന്നു.കൂടാതെ ആഗോളതാപനത്തിന്റെ അനന്തരഫലങ്ങളിൽ നിന്ന് ഭൂമിയെ സംരക്ഷിക്കുകയെന്നത് പ്രകൃതിയിൽ ജീവന്റെ മുന്നോട്ടുള്ള നിലനിൽപ്പിന് അത്യന്താപേക്ഷിതമാണുതാനും. ഈ വിഷയങ്ങളിൽ പരിഹാരമായി രണ്ടു കാര്യങ്ങളാണ് നമുക്ക് മുൻപിൽ അവശേഷിക്കുന്നത്.ഒന്ന് നവീകരിക്കാവുന്നഊർജ്ജ സ്രോതസ്സുകളിലേക്ക് ശ്രദ്ധ കേന്ദ്രകരിക്കുകയെന്നതാണ്. സൂര്യപ്രകാശം,കാറ്റ്,ജിയോതെർമൽ,ബയോമാസ് തുടങ്ങിയവയാണ് ഈ മേഖലയിലെ പ്രധാന സാധ്യതകൾ.ആഗോളതാപനത്തിനും കാലാവസ്ഥവ്യതിയാനത്തിനും ഇടയാകുന്ന ഗ്രീൻ ഹൗസ് വാതകങ്ങളുടെ നിഗമനം കുറയ്ക്കുന്നതിൽ ഈ മേഖലക്കുള്ള സ്വാധീനം വളരെ വലുതാണ്.എന്നാൽ ഈ രംഗങ്ങളിൽ ഇനിയും നാം ഏറെ മുന്നേറേണ്ടിയിരിക്കുന്നു

ഇൻഡ്യയിൽ നവീകരിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗം പെട്രോളിയം ഇന്ധനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചെറിയൊരു അംശം മാത്രമേയുള്ളൂ. താരതമ്യേനേ ലളിതവും എന്നാൽ വളരെയധികം ഫലപ്രദവുമായ രണ്ടാമത്തെ മാർഗം ഊർജ്ജ സംരക്ഷണമാണ്. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പരമാവതി കുറഞ്ഞ അളവിൽ മാത്രം ഊർജ്ജം ഉപയോഗിക്കുമ്പോഴാണ് ഊർജ്ജ സംരക്ഷണം സാധ്യമാകുന്നത്.ഊർജ്ജ സംരക്ഷണമെന്നത് പുതുതായി ഊർജ്ജം ഉത്പാദിപ്പിക്കുന്നതിന് തില്യമാണെന്ന് നിങ്ങൾ കേട്ടിരിക്കും ഊർജ്ജം കാര്യക്ഷമമമായി ഉപയോഗിക്കുകവഴി നമ്മുടെ രാജ്യത്തിന്റെ ഊർജ്ജ സുരക്ഷിതത്വം ഉറപ്പാക്കുക മാത്രമല്ല ആഗോളതാപനത്തിന്റെ ഭീഷണിയെ കൂടുതലായി ചെറുക്കുക കൂടിയാണ് ചെയ്യുന്നത്.പെട്രോളിയം ഊർജ്ജത്തിന്റെ 50 ശതമാനവും ഗതാഗത ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനാൽ ഊർജ്ജ സംരക്ഷണ ചിന്തകൾ നമുക്ക് ആരംഭിക്കാം.

# തിത്തകം താരോ

(കൊയ്ത്തുപാട്ട്)

തിത്തകം താരോ തെയ്യകം താരോ
തെക്കേലെ കുഞ്ഞമ്പൂ വന്നാട്ടേ
തിത്തകം താരോ തെയ്യകം താരോ
കുഞ്ഞമ്പൂന്റോളും വന്നാട്ടെ.......
മഴയെല്ലാം പോയല്ലോ മാനം തെളിഞ്ഞല്ലോ
എങ്ങുമൊരുല്ലാസ കാറ്റു വീശ
തിത്തകം താരോ തെയ്യകം താരോ
വടക്കേലെ ചാക്കോ വന്നാട്ടെ
തിത്തകം താരോ തെയ്യകം താരോ
ചാക്കോന്റെ കെട്ട്യോളും വന്നാട്ടെ
പുന്നെല്ലിൻ പാടം വെളഞ്ഞതു കണ്ടില്ലേ
പുത്തരി ചോറുണ്ണാനാശയില്ലേ....?
തിത്തകം താരോ തെയ്യകം താരോ
പടിഞ്ഞാറേ ആലീ വന്നാട്ടെ.....
അരിവാളും കറ്റക്കയറുമെടുത്ത്
വേഗത്തിലെല്ലാരും വന്നാട്ടെഅരിവാളും കറ്റക്കയറുമെടുത്ത്
കൊയ്യണം കറ്റ മെതിക്കണം പിന്നെ
ഉണക്കണം പാകണം വന്നാട്ടേ
പുത്തിരിച്ചോറുവെച്ചല്ലാരുമൊന്നായി
ഒപ്പമിരുന്നിട്ടുണ്ടീടാം
തിത്തകം താരോ തെയ്യകം താരോ

(ഒപ്പമി...)

# കാലയവനിക

*[ലേഖനം]*

നാമെല്ലാവരും ദ്രുതഗതിയിലൂടെ കാലത്തിന്റെ വഴിയിലൂടെ നീങ്ങുകയാണ്. ആ പാത ചിലപ്പോൾ നമ്മുക്ക് സുഖം തരാത്തതാകാം മറ്റുള്ളവരുടെ പ്രേരണക്കൊത്ത് തിരഞ്ഞെടുത്തതാകാം. ഒന്നുകിൽ വഴിതെറ്റിയോ അല്ലെങ്കിൽ ചിലരോടൊത്ത് എങ്ങനെയോ ആ വഴിയെ നടന്നതാകാം ആ പാത വളരെ പഴയതും പോകുംതോറും ചെറുതായി വരുന്നതുമാണ്. ആ പാതയുടെ അറ്റം ഇരുട്ടാണ്. ചിലർക്ക് അവിടെ എത്തുമ്പോൾ വഴിമുട്ടുന്നു.എന്നാൽ ആ പാത സന്തോഷകരമായ സ്വർഗ്ഗ സായൂജ്യത്തിന്റെ പ്രകാശമയമായ ലോകത്തിലേക്കുള്ള വലിയൊരു പാതയുടെ തുടക്കമാണെന്ന് ആരും അറിയുന്നില്ല.

ചിലർ തങ്ങളുടേതായ വഴിവെട്ടുന്നു. ആ വഴികൾ അവരുടെ നിയോഗത്തിന് വഴികാട്ടികളാണ്. ഒരു വിത്ത് പൊട്ടുന്നനെ മുളയ്ക്കുന്നതുപോലെ ചില ആത്മീയമായ വഴിയിടങ്ങൾ പ്രത്യക്ഷപ്പെടുന്നു.അവ വഴിക്കാട്ടികളാകുന്നു. ശരിയായ മാർഗ്ഗം പറഞ്ഞുതരുന്നു.ഈ ലോകവ്യവഹാരത്തിൽ മനുഷ്യ ജീവിതങ്ങളെ നയിക്കുകയാണ് അവയുടെ നിയോഗം. മനുഷ്യന്റെ ബോധമനസ്സിനും അബോധമനസ്സിനും അവന്റെ അനുഭവങ്ങൾക്കും അന്ധവിശ്വസത്തിനും അപ്പുറത്തേക്ക് ആത്മീയമായ ചില ഉണർത്തലുകളിലേക്ക് അവ നയിക്കപ്പെടുന്നു. എന്നാൽ ഈ നിയോഗങ്ങളെ ചിലപ്പോൾ നാം കാറ്റത്ത് പറക്കുന്ന അപ്പൂപ്പൻ താടിപ്പോലെ പറത്തുന്നു.

ഓരോ മനുഷ്യനും ഈ ലോകത്തിലേക്ക്

പിറന്നുവീഴുന്നത് തുടക്കക്കാരനെന്ന ഭാഗ്യവും പേറിയാണ്. ജനിച്ചുവീഴുന്നതുമുതൽ നമ്മുടേതായ നിയോഗത്തിനുവേണ്ടി നാം ജീവിക്കുന്നു. ഒരു വ്യക്തിയുടെ ചിന്തകൾ, വികാരങ്ങൾ, സ്വപ്നങ്ങൾ, ഉൾകാഴ്ചകൾ, പ്രചോദനങ്ങൾ എല്ലാം നമ്മുടേതായ ലക്ഷ്യത്തിലേക്കുള്ള ഓരോ നിമിഷങ്ങളാണ്.

അണുകുടുംബജീവിതരീതിയും മതിൽക്കെട്ട്സംസ്കാരവും മനുഷ്യനെ സ്വാർത്ഥനാക്കുന്ന ഭൗതിക ജ്ഞാനം വർദ്ധിക്കുമ്പോൾ ആത്മീയജ്ഞാനത്തിൽ നിന്നും മെല്ലെ അകന്നുപോകുന്ന മനുഷ്യൻ യുക്തിവാതത്തിന്റെ മേച്ചിൻപുറങ്ങളിലേക്ക് ചേക്കേറുന്നു.മാധ്യമ സംസ്കാരത്തിന്റെ മാസ്മരികതയിൽ അവൻ ലയിച്ചുപോകുന്നു.നെഞ്ചിൻനെരിപ്പോട് എരിയുമ്പോൾ അവൻ സമാധാനത്തിന്റെ മരുപച്ചകൾ തേടുന്നു.


ആൽമരം അതിന്റെ വേരുകളെ വെള്ളത്തിനും വളത്തിനും വേണ്ടി മണ്ണിലോട്ട് ആഴ്ന്നിറക്കുന്നതുപോലെ വിവേചന ബുദ്ധി മനുഷ്യനെ മനസ്സാക്ഷിയുടെ സ്വരം ശ്രവിക്കാൻ പ്രേരിച്ചിരിക്കുന്നു. പക്ഷെ നമ്മുടെ ലക്ഷ്യങ്ങൾക്കൊത്ത് നമുക്ക് പ്രവൃത്തിക്കാൻ ആകാതെ വരുമ്പോൾ നാം നമുടെ മനസ്സിനെ ഒരു മായജാലത്തെ സ്വപ്നങ്ങളുടെ ഉന്നത വിഹായസ്സിലേക്ക് മേയാൻ വിടുന്നു. അവനമുക്ക് ചിലപ്പോൾ നഷ്ടപ്പെട്ടതോ എവിടെയോ കളഞ്ഞുപ്പോയതോ ആയ ഒരു നിധിയാകാം. ആ നിധി നാം കാലത്തിനൊത്ത് നമ്മുടെ വരുംതലമുഴ്ക്ക് നമ്മുടെ ആഗ്രഹസാഫല്യത്താനായി കൈമാറുന്നു.

യുവത്വത്തിന്റെ നിറപകിട്ട് മായുമ്പോൾ കാലം നൽകുന്ന അനുഭവസമ്പത്തുകൾ അവന്റെ മനോജ്ഞമായ മണിമുത്തുകളാകുന്നു. ശാന്തമായി ഒഴുകുന്ന ഒരു നനയദി-
യെപ്പോലെയാകാൻ അവനിഷ്ടപ്പെടുന്നു. ഇനിയും പൂർണ്ണമായി അനാവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത പ്രപഞ്ചരഹസ്യങ്ങളുടെ പിന്നിലേക്കുള്ള നിത്യ സത്യം അതേ ആഗക്തിച്ചാണഅ ഏറ്റവും വലിയ ശക്തിയെന്ന് അവൻ വിളിച്ചോതുന്നു.

സൂര്യൻ ഉദിച്ച് അസ്തമിക്കുന്നതുപോലെ ശരീരം കാലത്തിന്റെ വേഗത അനുസരിച്ച് മാറ്റങ്ങൾക്ക് വിധേയമാകുന്നു. എന്നാൽ ആത്മാവ് സംവേദന ക്ഷമതയോടെ പുതിയ അറിവിന്റെ തലത്തിലേയ്ക്ക് ചിറകടിച്ചുയരുന്നു. സമുദ്രങ്ങളിലെ വേലിയേറ്റവും വേലിയിറക്കവും പോലെ മനുഷ്യൻ അവന്റെ ജീവിതത്തിൽ ശാന്തമായതോ ഭ്രാന്തമായതോ ആയ ചില മനസ്സിന്റെ അവസ്ഥകൾക്ക് നിറ സാക്ഷിയാകുന്നു. രംഗങ്ങളും വേഷങ്ങളും മാറി വരുന്ന ഒരു നാടകത്തിലെ കഥാപാത്രങ്ങളല്ലേ തങ്ങൾ എന്നവൻ ചിന്തിച്ചു പോകുന്നു

അനന്തവും അജ്ഞാതവും അവർണ്ണനീയവുമായ ഈ പ്രപഞ്ചത്തിൽ അതിന്റെ വിസ്മയങ്ങൾക്കൊപ്പം മനുഷ്യൻ അവനുവേണ്ടി വിധിക്കപ്പെട്ട കാലത്തെ ചില കണക്കുക്കൂട്ടലുകൾക്ക് വിധേയമാകുന്ന അത് അവനെ എന്നും പ്രത്യാശയിലേയ്ക്ക് നയിക്കട്ടെ.

*വത്സ. സി. എഫ്*
*എച്ച്. എസ്. എ*


Pandurng

# ഒരു മഴക്കാലോർമ്മ

കഥ

അടുപ്പിൽ വച്ച കലത്തിൽ പാൽ തിളച്ചുപൊന്തി. എല്ലാവരും സന്തോഷത്തോടെ അത് നോക്കി നിന്നു. എന്തിനാണാവോ ഇങ്ങനെ ചെയ്യുന്നത്? അന്നമോൾ ആലോചിച്ചു. വികാരിയച്ചനും പിന്നെ ആരൊക്കെയോ വന്നിട്ടുണ്ട്. അപ്പനും അമ്മയും വല്ല്യമ്മച്ചിയുമൊക്കെ സന്തോഷത്തോടെ എല്ലാവരും വർത്തമാനം പറയുന്നു. വല്ല്യക്കാര്യങ്ങൾ ....അന്നമോൾക്കൊന്നും മനസ്സിലാകുന്നില്ല.പക്ഷേ ഒരു കാര്യം മോൾക്ക് നന്നായറിയാം ഇനി മുതൽ എന്നും മോൾ ഈ വീട്ടിലാണ് താമസിക്കുന്നതെന്ന് ന്റെ പഴയ വീട് നല്ല വീടായിരുന്നു. അടുത്തുതന്നെ അപ്പച്ചായക്കട ധാരാളം മുറ്റം നിറയെ ചെടികളും പൂക്കളും അടുത്തുതന്നെയായിരുന്നു കിങ്ങിണിപ്പുഴ. കഴിഞ്ഞ മഴക്കാലം വരെ അവിടെയായിരുന്നു. ദിവസമാണ് മഴ നിർത്താതെ പെയ്തത്. മഴ മാറുന്നില്ലല്ലോ എന്ന് വിചാരിക്കുകയും ചെയ്തു. മഴയത്തു കളിക്കാൻ എന്തിഷ്ടമായിരുന്നു പക്ഷേ ഇത്തവണ മഴ വന്നപ്പോൾ പേടി തോന്നി. മുറ്റം മുഴുവൻ വെള്ളം കയറി. അകത്തേക്കും കയറും എന്നു തോന്നിയപ്പോഴാവും വല്ല്യമ്മച്ചിയുടെ അവിടേക്കു പോകാമെന്ന് അപ്പൻ പറഞ്ഞത് അമ്മയും അപ്പനും കൂടി എന്തൊക്കെയോ സാധനങ്ങൾ കെട്ടിപൊതിഞ്ഞെടുത്തു. അപ്പോഴേക്കും വെള്ളം വീട്ടിനകത്തെത്തി

പേടിച്ച് കരഞ്ഞപ്പോൾ അപ്പനെടുത്തു തോളത്തു വച്ചു.

വെള്ളത്തിലൂടെ അവരെങ്ങനെയാണ് നടക്കുന്നതെന്ന് ആലോചിച്ചു
എന്തോ ഭാഗ്യത്തിനാണ് ഒരു തോണി കിട്ടിയത്. തോണിയിൽ
വരുമ്പോൾ കണ്ടു...... പല സാധനങ്ങളും വെള്ളത്തിൽ ഒഴുകി
വരുന്നത്.... എല്ലാവരും പേടിച്ചു കരയുന്നത്... തോണി
മറിയുമോയെന്ന് ചോദിച്ചപ്പോൾ അമ്മയെന്നെ കെട്ടിപ്പിടിച്ചു. എത്ര
പാടുപെട്ടാണ് വല്ല്യമ്മച്ചിയുടെ വീട്ടിലെത്തിയത്. പിന്നെ കുറെ നാൾ
അവിടെയായിരുന്നു. അവിടത്തെ സ്കൂളിലേക്ക്
കൊണ്ടുപോയപ്പോഴാണ് ശരിക്കും സങ്കടം വന്നത്. പഴയ സ്കൂൾ
മതിയെന്നു പറഞ്ഞ് കരഞ്ഞപ്പോഴാണ് അമ്മ പറഞ്ഞത്....
അവിടെയിപ്പോൾ ആ സ്കൂൾ ഇല്ലെന്ന്. മഴവെള്ളത്തിൽ
ഒലിച്ചുപോയെന്ന്..... അതുപോലെതന്നെ ഞങ്ങളുടെ പഴയ വീടും
അതുകേട്ടപ്പോൾ സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. എന്റെ
കളിപ്പാട്ടങ്ങൾ, ഉടുപ്പുകൾ, പുസ്തകങ്ങൾ..... അങ്ങനെ എന്തൊക്കെ
സാധനങ്ങളുണ്ടായിരുന്നു എന്റെ വീട്ടിൽ... അപ്പനും അമ്മയ്ക്കും എല്ലാം
സങ്കടമായിരുന്നു.അപ്പൻ കുറെ നാളേക്കു പുറത്തേക്കൊന്നും
പോയില്ല. പിന്നെ ഇടക്കിടെ വികാരിയച്ചൻ വരാൻ തുടങ്ങി.

പിന്നെപ്പിന്നെ അപ്പൻ പുറത്തൊക്കെ പോകാൻ തുടങ്ങി. ചായക്കടയില്ലാത്തതുകൊണ്ട് വേറെയേതോ ജോലിക്കാണ് പോകുന്നതെന്നു തോന്നുന്നത്. പിന്നീട് വല്ലയമ്മച്ചിയുടെ വീടിനകത്തുതന്നെ പുതിയ വീട് പണിതു. പക്ഷേ മോൾക്കിപ്പോഴും പഴയ വീടുതന്നെയാണ്.''അന്നമോളേ...........” അപ്പൻ വിളിക്കുന്നുണ്ടല്ലോ.... ഓടിച്ചെന്നുനോക്കിയപ്പാൾ വികാരിയച്ചൻ ചിരിച്ചുകൊണ്ട് നിൽക്കുന്നു. തലയിൽ കൈവച്ച് പ്രാർത്ഥിക്കുമ്പോൾ മോളുടെ മനസ്സിലും ഒരു പ്രാർത്ഥനയേ ഉണ്ടായിരുന്നുള്ളൂ......

ഇനിയൊരിക്കലും വലിയ മഴ പെയ്യല്ലേ എന്ന്...... ഈ പുതിയ വീട് വെള്ളത്തിലൊലിച്ചു പോകല്ലേ എന്ന്...... ഒരു പക്ഷേ അച്ചനും അതുതന്നെയാവും പ്രാർത്ഥിച്ചത്. അല്ലേ ? അതുതന്നെയാവും ....

# മണ്ണിൻ സൗന്ദര്യം

മണ്ണിൽ നിന്നുയർത്തുന്നു,
നിർദയ വാത്സല്യങ്ങൾ
കണ്ണഞ്ചും മരതകപ്പച്ചയിൽ പവിഴങ്ങൾ
താവകത്യാഗം താലികെട്ടിക്കാത്തിരുന്നെങ്കിൽ
കണ്ണഞ്ചും മരതകപ്പച്ചയിൽ പവിഴങ്ങൾ

ഇന്നവൾ സുമംഗളായിതാ, വനികളിൽ
പൊന്നണി തരിവള കിലുക്കി കളിക്കുന്ന
കുഞ്ഞാറ്റ കിളികളെ കൂടിയും കൂകിച്ചല്ലോ

തത്തകൾ പച്ചച്ചിറകടിച്ചുനി
ന്നുത്തമഗുണങ്ങളെ നീതാരം കീർത്തിക്കുന്നു.
ചെണ്ടുകൾ നിൻ മാനസം വിടർത്തിക്കാണിക്കവെ
വണ്ടികൾ മൂളുന്നിതാ, നിൻ പദാമേമ്മേൽ

എന്നിട്ടും ലോകം മാത്രം കണ്ണടച്ചിരുന്നു കൊ-
ണ്ടിന്നിതാ, കഷ്ടം, നിന്നെ മർദിപ്പൂ ദയാഹീനം
നിർവ്യാജ സ്നേഹത്തിന്റെ വെളിച്ചം വിതക്കുന്ന
ദിവ്യതപാത, നീയാണെന്നുമെൻ ഗുരുനാഥൻ



# वक़्त

हर खुंशी है लोंगौं के दामन में,
पर एक हँसी के लिये़ वक़्त नहीं,
दीन रात दौड़ती दुनिया में,
ज़िदंगी के लिए ही वक़्त नहीं

गौरो की क्या बात करें,
जब अपनो के लिए वक़्त नहीं,
पैसौं की दौडे में ऐसे दौड़े,
कि यकने का भी वक़्त नहीं


तू ही बता ऐ ज़िन्दगी
इस ज़िन्दगी का क्या होगा
की हर पल मरने वालौं को
जीने के लिए भी वक़्त नहीं

मान्सी
अधयपिका


Air
Pollution

# Types Of Polygon


## OCTADECAGON



An octadecagon is a polygon with 18 sides. It cannot be drawn using ruler and compass.

Properties:Convex,Cyclic,Equilateral,Isogonal,Isotoxal.


## ENNEADECAGON



An Enneadecagon is a polygon with 19 sides.It cannot be drawn  using ruler and compass.


Properties:Convex,Cyclic,Equilateral,Isogonal,Isotoxal.

## ICOSAGON




An Icosagon is a 20 sided polygon. A regular icosagon cannot be drawn with ruler and compass.

PENTAGON




In a regular pentagon, all sides are equal in length

HEXAGON



In  geometry, a hexagon is a polygon with 6 edges and 6 vertices.

HEPTAGON



All the sides of a regular heptagon are of the same length


WE ALL MUST USE CLEAN FUEL
WE ALL MUST USE BICYCLES INSTEAD OF CARS.
CREATED USING PowToon

# നന്ദി

സമാനതകളില്ലാത്ത പ്രളയത്തെ
സാങ്കേതിക മികവിൽ സധൈര്യം അതിജീ
വിച്ച ഈ അധ്യയനവർഷത്തിൽ e-leaves 2019
എന്നപേരിൽ ഒരു e-മാഗസിൻ പ്രസിദ്ധികരി-
ക്കുവാൻ ഞങ്ങൾക്ക് പ്രചോദനം നൽകിയ
ലിറ്റിൽ കൈറ്റ്സ് സംഘാടകർ e-leaves ലെ
തളിരിലകൾ വിടർത്താൻ ജലവും നീരും നൽകി
കൂടെ നിന്ന ബ.ഹെഡ്മിസ്ട്രസ്സ് സി . സരിത
പുലിക്കോട്ടിൽ,ഞങ്ങളുടെ പ്രിയപ്പെട്ട അദ്ധ്യാപകർ,
ഞങ്ങളോടൊപ്പം സഹകരിച്ച് തങ്ങളുടെ വിവിധ
കഴിവുകളെ ഈ മാസികയിലെ താളുകൾ ഇഴമുറി-
യാതെ കൂട്ടിയിണക്കുന്നതിലേയ്ക്ക് പങ്കുവച്ച സ്നേ-
ഹമുള്ള കൂട്ടുക്കാർ എല്ലാവരോടുമുള്ള നന്ദിയും
കടപ്പാടും അടിവരയിട്ട് കുറി ക്കുന്നു.
സർവോപരി അക്ഷരഖനിയുടെ തളിരി-
ലകളുടെ മർമ്മരം താളാത്മകമാക്കിയ
സർവേശ്വരന് പ്രണാമം.

മാഗസിൻ കമ്മറ്റി.

ST.SEBASTIAN'S C.G.H.S NELLIKKUNNU



e -leaves 2019